
# 5

# വരയ്ക്കാം വായിക്കാം

തൃശൂർ ജില്ലയിൽ നടക്കുന്ന കേരള സ്കൂൾ കലോത്സവത്തിൽ പങ്കെടുക്കാനെത്തിയതാണ് അജി. ഒപ്പം കുടുംബവുമുണ്ട്. അവരുടെ പക്കലുള്ള ലേഔട്ടാണ് ചുവടെ നൽകിയിട്ടുള്ളത്.




| | |
|---|---|
| A | റെയിൽവേ സ്റ്റേഷൻ |
| B | ബസ് സ്റ്റാൻഡ് |
| C | പ്രോഗ്രാം കമ്മിറ്റി ഓഫീസ് |
| D | ഭക്ഷണശാല |
| E | ഗവ. എച്ച്.എസ്.എസ്. തൃശ്ശൂർ |

റെയിൽവേ സ്റ്റേഷനിൽനിന്ന് സഞ്ചരിച്ച് സ്വരാജ് റൗണ്ടിന് സമീപമുള്ള പ്രോഗ്രാം കമ്മിറ്റി ഓഫീസിനടുത്താണ് അജിയും കുടുംബവും ഇപ്പോഴുള്ളത്. അജിയുടെ പ്രോഗ്രാം നടക്കുന്നത് തൃശൂർ ഗവ.എച്ച്.എസ്.എസിലാണ്.

- പ്രോഗ്രാം കമ്മിറ്റി ഓഫീസിൽ നിന്ന് ഏത് ദിശയിൽ സഞ്ചരിച്ചാൽ അജിയുടെ പ്രോഗ്രാം നടക്കുന്ന വേദിയിൽ എളുപ്പത്തിൽ എത്താൻ കഴിയും?
- ലേഔട്ട് പരിശോധിച്ച് ഭക്ഷണശാല എവിടെയാണെന്ന് കണ്ടെത്താൻ നിങ്ങൾക്ക് കഴിയുന്നുണ്ടോ?
- തൃശൂർ ഗവ.എച്ച്.എസ്.എസിൽ നിന്ന് ഭക്ഷണശാലയിലേക്ക് പോകാൻ ഏത് ദിശയിൽ സഞ്ചരിക്കണം?

കലോത്സവവേദിയുടെ ലേഔട്ടാണ് നമ്മൾ പരിചയപ്പെട്ടത്.

ചില സ്ഥാപനങ്ങളുടെ മുന്നിൽ കെട്ടിടങ്ങളുടെ സ്ഥാനം കാണിക്കുന്ന ലേഔട്ടുകൾ പ്രദർശിപ്പിച്ചിട്ടുള്ളത് കണ്ടിട്ടില്ലേ? ദിശ മനസിലാക്കുന്നതിന് മാത്രമാണോ ഇത്തരം ലേഔട്ടുകൾ തയ്യാറാക്കുന്നത്?

പുതിയ വീടോ കെട്ടിടമോ നിർമ്മിക്കുമ്പോൾ സ്കെച്ചും പ്ലാനും തയ്യാറാക്കുന്നതായി നിങ്ങൾ മനസ്സിലാക്കിയിട്ടുണ്ടോ? കെട്ടിടങ്ങളുടെ പ്ലാൻ തയ്യാറാക്കുമ്പോൾ അതിൽ കൃത്യമായ അളവുകൾ കൂടി ഉൾപ്പെടുത്തുന്നുണ്ട്. എന്നാൽ സ്കെച്ചുകൾ തയ്യാറാക്കുമ്പോൾ അളവുകൾ കൃത്യമാകണമെന്നില്ല.

നിങ്ങളുടെ ക്ലാസ്മുറിയുടെ ഒരു സ്കെച്ച് തയ്യാറാക്കിയാലോ?


ക്ലാസ്മുറിയുടെ വാതിൽ ഏത് ദിശയിലാണ്?
ജനാലകൾ ഏതൊക്കെ ഭാഗങ്ങളിലുണ്ട്?
ബ്ലാക്ക്ബോർഡ്/വൈറ്റ് ബോർഡ് ഏത് ദിശയിലാണ് സ്ഥാപിച്ചിട്ടുള്ളത്?

നിങ്ങൾ ഓരോരുത്തരും തയ്യാറാക്കിയ സ്കെച്ച് പരിശോധിക്കൂ. എല്ലാം ഒരേ രീതിയിലാണോ? ദിശ നിശ്ചയിക്കാൻ പ്രയാസം അനുഭവപ്പെട്ടോ?

ഒരു സ്ഥലത്തെ ദിശ എങ്ങനെ കണ്ടെത്താം?

സൂര്യനുദിക്കുന്ന ദിശ എവിടെയാണോ അതാണ് കിഴക്കായി നാം കണക്കാക്കുന്നത്.

ചിത്രം A



അജി വീടിന് സമീപം ഉദയ സൂര്യന് അഭിമുഖമായി നിൽക്കുകയാണ്.

- ഏത് ദിശയിലേക്ക് നോക്കിയാണ് അജി നിൽക്കുന്നത്?

  ..........................................

- അജിയുടെ വലതുകൈ ഏത് ദിശയിലേക്കാണ് നീട്ടിയിരിക്കുന്നത്? ഇടതുകൈയോ?

  ..........................................

  ..........................................

- അജിയുടെ നിഴൽ ഏത് ദിശയെ സൂചിപ്പിക്കുന്നു?

  ..........................................

ചിത്രം B



- ചിത്രം B യിൽ ഏത് ദിശയിലേക്ക് നോക്കിയാണ് അജി നിൽക്കുന്നത്?

  ..........................................

- അജിയുടെ വലതുകൈ ഏതു ദിശയിലേക്കാണ് നീട്ടിയിരിക്കുന്നത്? ഇടതുകൈയോ?

  ..........................................

  ..........................................

- അജിയുടെ നിഴൽ ഏത് ദിശയെ സൂചിപ്പിക്കുന്നു?

  ..........................................

- അജി നോക്കിനിൽക്കുന്നതിന് എതിരെയുള്ള ദിശ ഏതാണ്?

  ..........................................

സൂര്യനെ അടിസ്ഥാനമാക്കി ദിശ കണ്ടെത്തുന്നത് എങ്ങനെയെന്ന് തിരിച്ചറിഞ്ഞില്ലേ? വടക്കുനോക്കിയന്ത്രമാണ് ദിശ കണ്ടെത്താൻ സാധാരണയായി ഉപയോഗിക്കുന്നത്. മൊബൈൽ ആപ്പുകളും ദിശ കണ്ടെത്താനായി നാം ഇന്ന് പ്രയോജനപ്പെടുത്താറുണ്ട്.

### വടക്കുനോക്കിയന്ത്രം


ദിശ അറിയുന്നതിന് ഉപയോഗിക്കുന്ന ഉപകരണമാണ് വടക്കുനോക്കിയന്ത്രം. സ്വതന്ത്രമായി ചലിക്കുന്ന കാന്തസൂചി തെക്കുവടക്കുദിശയിൽ നിലകൊള്ളും എന്ന തത്വമാണ് ഈ ഉപകരണത്തിന്റെ അടിസ്ഥാനം. സൂചിയിൽ പ്രത്യേകമായി രേഖപ്പെടുത്തിയ അഗ്രം വടക്കുദിശയെ സൂചിപ്പിക്കുന്നു. സമുദ്രയാത്രയിൽ ദിശയറിയുന്നതിന് നാവികർ പണ്ടുകാലം മുതൽ തന്നെ ഈ ഉപകരണം ഉപയോഗിച്ചിരുന്നു.



ഇനി നമുക്ക് ക്ലാസ്മുറിയുടെ സ്കെച്ച് ദിശ അടിസ്ഥാനമാക്കി തയ്യാറാക്കിയാലോ?

ദിശ അടിസ്ഥാനമാക്കി സ്കെച്ച് ഒരു പേപ്പറിലോ ബുക്കിലോ വരയ്ക്കുമ്പോൾ എന്തൊക്കെ ശ്രദ്ധിക്കണം?

നോക്കൂ. ചുമരിൽ തൂക്കിയിട്ട ഈ ഭൂപടത്തിലെ ദിശ എങ്ങനെ കണ്ടെത്താം?





### ഭൂപടത്തിലെ ദിശകൾ

ഭൂപടത്തിൽ സാധാരണയായി ദിശ കാണിക്കുന്ന അടയാളം നൽകിയിരിക്കും. ചുമർ ഭൂപടങ്ങളുടെ മുകൾ ഭാഗത്ത് വടക്കുദിശയെ സൂചിപ്പിക്കുന്ന അടയാളം കാണാം. ഭൂപടത്തിന്റെ ചുവടുഭാഗം തെക്കുദിശയെയും വലതുഭാഗം പടിഞ്ഞാറുദിശയെയും ഇടതുഭാഗം കിഴക്കുദിശയെയും സൂചിപ്പിക്കുന്നു.

നിങ്ങളിരിക്കുന്ന ക്ലാസ്മുറിയുടെ വടക്കുദിശ എവിടെ എന്ന് കണ്ടെത്തൂ. ഇനി ക്ലാസ് മുറിയുടെ സ്കെച്ച് വരയ്ക്കുന്ന പേപ്പറിന് മുകളിൽ വലതുഭാഗത്ത് ചുവടെ കാണുന്ന രീതിയിൽ ദിശയുടെ ഏതെങ്കിലും ഒരു ചിഹ്നം നൽകൂ.

സാധാരണയായി ഭൂപടങ്ങളിൽ ദിശ സൂചിപ്പിക്കാൻ ഉപയോഗിക്കുന്ന ചിഹ്നങ്ങൾ





നിങ്ങളുടെ ക്ലാസ്മുറിയുടെ വാതിൽ ഏത് ദിശയിലാണെന്ന് കണ്ടെത്തിയല്ലോ? ജനാലകൾ ഏതൊക്കെ ദിശകളിലാണ്? മേശ ഏത് ദിശയിലാണെന്ന് നോക്കൂ. ഇനി നമുക്ക് ക്ലാസ് മുറിയുടെ സ്കെച്ച് വരയ്ക്കാം.

സ്കെച്ച് പൂർത്തിയാക്കിയല്ലോ. വാതിൽ, മേശ, ജനാല തുടങ്ങിയവയ്ക്ക് ചുവടെ നൽകിയിട്ടുള്ള രീതിയിൽ ഒരു സൂചിക തയ്യാറാക്കി സ്കെച്ചിൽ ഉൾപ്പെടുത്തുക.

| | |
|---|---|
| **D.** | വാതിൽ |
| **T.** | മേശ |
| **W.** | ജനാല |
| **B.B** | ബ്ലാക്ക്ബോർഡ് |
| **WB** | വൈറ്റ്ബോർഡ് |
| **B.** | ബെഞ്ച് |


അജി തയ്യാറാക്കിയ ക്ലാസ്മുറിയുടെ സ്കെച്ചാണ് നൽകിയിരിക്കുന്നത്. നിരീക്ഷിക്കൂ.

ഇനി എല്ലാവരും വരച്ച സ്കെച്ചുകൾ പരിശോധിക്കൂ. എല്ലാം ഒരേ രീതിയിലായില്ലേ?




അജിയുടെ ക്ലാസ്മുറിയുടെ സ്കെച്ച്

അജിയുടെ സ്കൂളിന്റെ സ്കെച്ചാണ് ചുവടെ നൽകിയിരിക്കുന്നത്. സ്കെച്ച് നിരീക്ഷിച്ച് നൽകിയിരിക്കുന്ന പട്ടിക പൂർത്തിയാക്കുക.




| | |
|---|---|
| ബാസ്കറ്റ്ബോൾ കോർട്ടിന്റെ ഏത് ദിശയിലാണ് ഓഫീസ് ഉൾപ്പെടുന്ന കെട്ടിടം സ്ഥിതി ചെയ്യുന്നത്? | • |
| ബാസ്കറ്റ്ബോൾ കോർട്ടിന്റെ ഏത് ദിശയിലാണ് സ്കൂളിന്റെ പ്രവേശനകവാടം സ്ഥിതി ചെയ്യുന്നത്? | • |
| ടോയ്‌ലറ്റ് കോംപ്ലക്സിന്റെ ഏത് ദിശയിലാണ് ലൈബ്രറിയും വായനമുറിയും സ്ഥിതി ചെയ്യുന്നത്? | • |
| സ്റ്റോർ സ്ഥിതി ചെയ്യുന്ന കെട്ടിടത്തിന്റെ ഏത് ദിശയിലാണ് പാചകപ്പുര സ്ഥിതി ചെയ്യുന്നത്? | • |
| ഓഡിറ്റോറിയത്തിൽ നിന്ന് ഏത് ദിശയിലേക്ക് സഞ്ചരിച്ചാൽ പ്രവേശന കവാടം വഴി പുറത്തേക്ക് പോകാം? | • |

നിങ്ങളുടെ ക്ലാസ്മുറിയിലെ ബെഞ്ച്, മേശ, ബ്ലാക്ക് ബോർഡ് എന്നിവയുടെ സ്ഥാനം സ്കെച്ചിൽ രേഖപ്പെടുത്തിയല്ലോ. ക്ലാസ്മുറിയിൽ നിങ്ങൾ ഇരിക്കുന്ന സ്ഥാനം എവിടെയെന്ന് എങ്ങനെ പറയും?

- ഒന്നാമത്തെ ബെഞ്ചിൽ രണ്ടാമത്
- ഒടുവിലത്തെ ബെഞ്ചിൽ ഒന്നാമത്
- ..........................................................................
- ..........................................................................

അങ്ങനെയെങ്കിൽ നിങ്ങൾ ഓരോരുത്തരുടെയും സ്ഥാനം പറഞ്ഞുനോക്കൂ.

ഭൂമിയിൽ ഒരു സ്ഥലത്തിന്റെ സ്ഥാനം എങ്ങനെയാണ് കണ്ടെത്തുന്നത്?

താഴെ തന്നിരിക്കുന്ന പന്തിന്റെ ചിത്രം നിരീക്ഷിക്കൂ.





പന്തിൽ ഒരു വീടിന്റെ ചിത്രം ഒട്ടിച്ചിരിക്കുന്നത് കണ്ടല്ലോ? വീടിന്റെ സ്ഥാനം എവിടെയാണെന്ന് എങ്ങനെ പറയാൻ കഴിയും?

മുകളിൽ, താഴെ, മധ്യഭാഗത്ത്, ഒരു വശത്ത്- ഇതിൽ ഏതാണ് ശരി?

ഗോളാകൃതിയുള്ള പ്രതലത്തിൽ ഒരു വസ്തുവിന്റെ കൃത്യമായ സ്ഥാനം നിർണ്ണയിക്കുക പ്രയാസമാണ്. പന്തിൽ വീടിന്റെ ചിത്രം ഒട്ടിച്ചിരിക്കുന്ന സ്ഥാനം കൃത്യമായി എങ്ങനെ കണ്ടെത്താം?

പന്തിൽ ചിത്രത്തിലേത് പോലെ നെടുകെയും കുറുകെയും രേഖകൾ വരച്ചാലോ?







ഇനി ഓരോ വരയ്ക്കും അക്ഷരവും നമ്പറും കൂടി നൽകിയാൽ ഏതൊക്കെ വരകൾക്കിടയിലാണ് വീടിന്റെ സ്ഥാനമെന്ന് കൃത്യമായി കണ്ടെത്താൻ കഴിയില്ലേ?



ഈ പന്തിൽ നൽകിയിട്ടുള്ള വീടിന്റെ സ്ഥാനം എവിടെയാണെന്ന് കണ്ടെത്തി എഴുതുക.




ഗ്ലോബ് നിരീക്ഷിക്കൂ.




തന്നിരിക്കുന്ന ഗ്ലോബിൽ ചുവപ്പുനിറത്തിൽ രേഖപ്പെടുത്തിയ വര ശ്രദ്ധിക്കൂ. ഇതാണ് ഭൂമധ്യരേഖ. ഈ രേഖ ഗ്ലോബിനെ രണ്ടു അർധഗോളങ്ങളായി വിഭജിക്കുന്നു. തന്നിരിക്കുന്ന ചിത്രത്തിൽ A എന്ന് രേഖപ്പെടുത്തിയത് വടക്കേ(ഉത്തര) അർധഗോളവും B എന്ന് രേഖപ്പെടുത്തിയത് തെക്കേ(ദക്ഷിണ) അർധഗോളവുമാണ്. ഭൂമധ്യരേഖയും അതിന് സമാന്തരമായി മുകളിലും താഴെയും വരച്ചിരിക്കുന്ന വൃത്താകൃതിയിലുള്ള മറ്റുരേഖകളും നിരീക്ഷിക്കൂ. ഇവയാണ് അക്ഷാംശരേഖകൾ. അക്ഷാംശരേഖകൾക്ക് ലംബമായി വരച്ചിരിക്കുന്ന അർധവൃത്താകൃതിയിലുള്ള രേഖകൾ കണ്ടില്ലേ? ഇവ രേഖാംശരേഖകളാണ്. ഭൂമിയിലെ ഒരു സ്ഥലത്തിന്റെ സ്ഥാനനിർണ്ണയം നടത്തുന്നത് ഈ സാങ്കല്പിക രേഖകളെ അടിസ്ഥാനമാക്കിയാണ്.

ഗ്ലോബ് നിരീക്ഷിച്ച് അക്ഷാംശരേഖകളുടെയും രേഖാംശരേഖകളുടെയും സവിശേഷതകൾ തിരിച്ചറിയുമല്ലോ.

**ഗ്ലോബും ഭൂപടവും**

ഗോളാകൃതിയിലുള്ള ഭൂമിയുടെ മാതൃകയാണ് ഗ്ലോബ്. ഗോളാകൃതിയിലുള്ള ഭൂമിയുടെ ഉപരിതല സവിശേഷതകൾ ഒരു പരന്ന പ്രതലത്തിൽ വരച്ചുചേർത്താൽ ഭൂപടമായി മാറും.




ഗ്ലോബ്



ലോക ഭൂപടം

കേരളത്തിന്റെ ഭൂപടം നിരീക്ഷിക്കൂ.



തന്നിരിക്കുന്ന ഭൂപടത്തിൽ A, B , C എന്നിങ്ങനെ അക്ഷരങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നത് ശ്രദ്ധിക്കൂ. അവ യഥാക്രമം ഭൂപടത്തിന്റെ തലക്കെട്ട്, ദിശ, സൂചിക എന്നിവയാണ്. ഒരു ഭൂപടത്തിലുണ്ടായിരിക്കേണ്ട അവശ്യഘടകങ്ങളാണിവ. ഇവ ഉപയോഗപ്പെടുത്തിയാണ് ഭൂപടങ്ങൾ വായിക്കുന്നത്.

ഭൂപടത്തിന്റെ മുകൾഭാഗത്താണ് പൊതുവേ തലക്കെട്ട് നൽകുന്നത്. ഭൂപടത്തിന്റെ ഉള്ളടക്കത്തെ സൂചിപ്പിക്കുന്നതാണ് തലക്കെട്ട്. നൽകിയിരിക്കുന്ന ഭൂപടത്തിൽ തലക്കെട്ട് കണ്ടെത്തൂ.

| A | തലക്കെട്ട് | കേരളം - രാഷ്ട്രീയ ഭൂപടം |
|---|---|---|

നിങ്ങളുടെ സ്കൂളിലെ സാമൂഹ്യശാസ്ത്ര ലാബിൽ വ്യത്യസ്ത ഭൂപടങ്ങൾക്ക് നൽകിയിരിക്കുന്ന തലക്കെട്ടുകൾ പരിശോധിക്കൂ.

ക്ലാസ്മുറിയുടെയും സ്കൂളിന്റെയും രൂപരേഖ തയ്യാറാക്കിയപ്പോൾ ദിശ സൂചിപ്പിക്കുന്ന ചിഹ്നം നൽകിയില്ലേ? നൽകിയിരിക്കുന്ന ഭൂപടത്തിൽ ദിശ തിരിച്ചറിയുന്നതിനായുള്ള ചിഹ്നം കണ്ടെത്തൂ.

| B | ദിശ | N, W, E, S |
|---|---|---|

തൃശൂരിന് വടക്ക് കടലിനോട് ചേർന്നിരിക്കുന്ന ജില്ലകളും തൃശൂരിന് തെക്ക് കടലിനോട് ചേർന്നിരിക്കുന്ന ജില്ലകളും പട്ടികപ്പെടുത്തൂ.
കേരളത്തിന്റെ കിഴക്ക് സ്ഥിതി ചെയ്യുന്ന സംസ്ഥാനം ഏതാണ് ?

ഭൂതലസവിശേഷതകൾ തിരിച്ചറിയുന്നതിനായാണ് ഭൂപടത്തിൽ സൂചിക നൽകുന്നത്. നൽകിയിട്ടുള്ള ഭൂപടത്തിലെ സൂചിക കണ്ടെത്തൂ.

| C | സൂചിക | - - - - സംസ്ഥാന അതിർത്തി<br>——— ജില്ലാ അതിർത്തി | ☆ തലസ്ഥാനം<br>● ജില്ലാ ആസ്ഥാനം |
|---|---|---|---|

നിങ്ങളുടെ സ്കൂളിലെ സാമൂഹ്യശാസ്ത്രലാബിലെ കേരളത്തിന്റെ ഭൂപടത്തിൽ നൽകിയിട്ടുള്ള സൂചിക നിരീക്ഷിക്കൂ.

**സൂചിക**

| | |
|---|---|
| - - - - - - - സംസ്ഥാന അതിർത്തി | ☆ തലസ്ഥാനം |
| ——— ജില്ലാ അതിർത്തി | ● ജില്ലാ ആസ്ഥാനം |
| നദി | തുറമുഖം |
| ദേശീയ പാതകൾ | വിമാനത്താവളം |
| റെയിൽ പാതകൾ | സംസ്ഥാന പാതകൾ |

നൽകിയിട്ടുള്ള കേരളത്തിന്റെ ഭൂപടത്തിൽ (പേജ് 74) ജില്ലകൾ തിരിച്ചറിയുന്നതിനായി വ്യത്യസ്ത നിറങ്ങൾ നൽകിയിരിക്കുന്നത് ശ്രദ്ധിക്കൂ. ഇതുപോലെ ഭൂപടത്തിൽ ഭൂതലസവിശേഷതകൾ കാണിക്കുന്നതിനായി വ്യത്യസ്ത നിറങ്ങൾ ഉപയോഗിക്കുന്നു.

ഗ്ലോബിലും ഭൂപടങ്ങളിലും ജലാശയങ്ങൾ സൂചിപ്പിക്കാൻ ഉപയോഗിക്കുന്ന നിറമേതാണ്?

കേരളത്തിന്റെ ഭൂപടം പരിശോധിച്ച് തന്നിരിക്കുന്ന പട്ടികയിലെ സൂചികകൾക്കുള്ള ചിഹ്നങ്ങൾ കണ്ടെത്തി വരയ്ക്കൂ.

| സൂചികകൾ | ചിഹ്നങ്ങൾ |
|---|---|
| റോഡ് | |
| റെയിൽപാതകൾ | |
| നദി | |
| തുറമുഖം | |

## കാർട്ടോഗ്രഫി (Cartography)

ഭൂപടങ്ങൾ തയ്യാറാക്കുന്ന ശാസ്ത്രശാഖയാണ് ഭൂപടശാസ്ത്രം അഥവാ കാർട്ടോഗ്രഫി. ഭൂപടങ്ങൾ തയ്യാറാക്കുന്ന ആളെ കാർട്ടോഗ്രഫർ (Cartographer) എന്നാണ് അറിയപ്പെടുന്നത്.

നമ്മുടെ രാജ്യത്ത് ഭൂപടങ്ങൾ നിർമ്മിക്കുന്നതിനും പരിശോധിക്കുന്നതിനും പ്രസിദ്ധീകരിക്കുന്നതിനും ചുമതലപ്പെട്ട കേന്ദ്രസർക്കാർ ഏജൻസിയാണ് സർവേ ഓഫ് ഇന്ത്യ. ഉത്തരാഖണ്ഡിലെ ഡെറാഡൂൺ ആണ് ഇതിന്റെ ആസ്ഥാനം.

നിങ്ങളുടെ വിദ്യാലയത്തിലെ സാമൂഹ്യശാസ്ത്രലാബിലെ കേരളത്തിന്റെ ഭൂപടം പരിശോധിച്ച് വർക്ക്ഷീറ്റ് പൂർത്തിയാക്കുക.

| | |
|---|---|
| കേരളത്തിന്റെ തെക്കേ അറ്റത്തുള്ള ജില്ല | |
| കേരളത്തിന്റെ വടക്കേ അറ്റത്തുള്ള ജില്ല | |
| രണ്ടുസംസ്ഥാനങ്ങളുമായി അതിർത്തി പങ്കിടുന്ന ജില്ല | |
| ഭാരതപ്പുഴ ഒഴുകുന്ന ദിശ | കിഴക്കുനിന്ന് ............ |
| കാസറഗോഡ് നിന്ന് തിരുവനന്തപുരം വരെയുള്ള റെയിൽ പാതയുടെ ദിശ | വടക്കുനിന്ന് ............ |
| കേരളത്തിന്റെ അയൽ സംസ്ഥാനങ്ങൾ | |

### ജില്ലകൾ കണ്ടെത്താം



ടീച്ചറുടെ സഹായത്തോടെ കേരളത്തിന്റെ രാഷ്ട്രീയഭൂപടം A3 വലുപ്പത്തിൽ (കളർ) കാർഡ് പ്രിന്റ് എടുക്കുക. (ജില്ലകളുടെ പേര് ഒഴിവാക്കാം) ഓരോ ജില്ലയും ശ്രദ്ധയോടെ വെട്ടിയെടുക്കുക. വെട്ടിയെടുത്ത ജില്ലകളുടെ കഷണങ്ങൾ ഒരു പെട്ടിയിൽ നിക്ഷേപിക്കുക. ക്ലാസിലെ കുട്ടികൾ ഗ്രൂപ്പുകളായി തിരിയുക. ഓരോ ഗ്രൂപ്പിൽ നിന്നും ഒരാൾ വന്ന് പെട്ടിയിൽ നിന്ന് ഒരു കഷണം വീതം എടുക്കുക. ഓരോരുത്തർക്കും കിട്ടിയ ജില്ലയുടെ ആകൃതി തിരിച്ചറിഞ്ഞ് ജില്ലയുടെ പേര് ഉച്ചത്തിൽ പറയുക.

ഇനി, ഓരോ ഗ്രൂപ്പിനും കിട്ടിയ ജില്ലകളുടെ തിരിച്ചറിയൽ കാർഡ് തയ്യാറാക്കിയാലോ? ജില്ലയുടെ തിരിച്ചറിയൽ കാർഡിൽ എന്തൊക്കെ ഉൾപ്പെടുത്താം?

- ജില്ലയുടെ പേര്
- സ്ഥാനം
- അയൽ സംസ്ഥാനം/ ജില്ലകൾ
- വിമാനത്താവളം/തുറമുഖം, റെയിൽപ്പാത, കടൽത്തീരം
- മറ്റ് സവിശേഷതകൾ

ജില്ലകളുടെ തിരിച്ചറിയൽ കാർഡുകൾ തയ്യാറാക്കി ക്ലാസിൽ പ്രദർശിപ്പിക്കുക.

**ജില്ലയുടെ തിരിച്ചറിയൽ കാർഡ്**

ഭൂപടവായനയുടെ അടിസ്ഥാന ആശയങ്ങൾ പരിചയപ്പെട്ടല്ലോ. ഇനി ഇന്ത്യയുടെ ഭൂപടം പരിശോധിച്ച് വിവരങ്ങൾ കണ്ടെത്താം.




ഇന്ത്യയിലെ ഒരു സംസ്ഥാനമാണല്ലോ കേരളം. ഇന്ത്യയിൽ എത്ര സംസ്ഥാനങ്ങളും കേന്ദ്രഭരണ പ്രദേശങ്ങളും ഉണ്ടെന്ന് അറിയാമോ?

ഇന്ത്യയിലെ സംസ്ഥാനങ്ങൾ, അവയുടെ തലസ്ഥാനങ്ങൾ, കേന്ദ്രഭരണ പ്രദേശങ്ങൾ എന്നിവയുടെ പട്ടിക തയ്യാറാക്കൂ.

ഇന്ത്യയുടെ അതിർത്തി, സംസ്ഥാനങ്ങൾ, കേന്ദ്രഭരണ പ്രദേശങ്ങൾ, അയൽരാജ്യങ്ങൾ മുതലായവ രേഖപ്പെടുത്തിയ ഭൂപടം നിരീക്ഷിച്ച് ചുവടെ തന്നിട്ടുള്ള പട്ടിക പൂർത്തിയാക്കൂ.

| സൂചന | വസ്തുത |
|---|---|
| ഇന്ത്യയുടെ കിഴക്കുഭാഗത്തുള്ള കടൽ | ബംഗാൾ ഉൾക്കടൽ |
| ഇന്ത്യയുടെ പടിഞ്ഞാറുഭാഗത്തുള്ള കടൽ | അറബിക്കടൽ |
| ഇന്ത്യയുടെ തലസ്ഥാനം | ........................ |
| ഇന്ത്യയുടെ ഏറ്റവും വടക്കുഭാഗത്തുള്ള കേന്ദ്രഭരണപ്രദേശം | ........................ |
| അരുണാചൽ പ്രദേശ് ഇന്ത്യയുടെ ഏതുഭാഗത്ത് സ്ഥിതി ചെയ്യുന്നു? | ........................ |
| ഇന്ത്യയുടെ തെക്കുഭാഗത്തുള്ള ഒരു അയൽരാജ്യം | ........................ |
| ഇന്ത്യയുടെ തെക്കേ അറ്റത്തുള്ള കേന്ദ്രഭരണ പ്രദേശം | ........................ |
| ഇന്ത്യയുടെ അയൽരാജ്യങ്ങൾ | പാകിസ്ഥാൻ<br>........................<br>........................ |

ഇന്ത്യൻ സംസ്ഥാനങ്ങളുടെ പേരുകൾ രേഖപ്പെടുത്തിയ സ്ലിപ്പുകൾ (കടലാസ് തുണ്ടുകൾ) ഒരു പെട്ടിയിൽ നിക്ഷേപിക്കുന്നു. കുട്ടികൾ മൂന്നുപേരുള്ള സംഘങ്ങളാകുന്നു. സംഘത്തിലൊരാൾ പെട്ടിയിൽ നിന്ന് ഒരു സ്ലിപ്പ് എടുക്കുന്നു. കിട്ടിയ സംസ്ഥാനത്തെക്കുറിച്ച് അറ്റ്ലസ്, ഭൂപടം എന്നിവയുടെ സഹായത്തോടെ കുറിപ്പ് തയ്യാറാക്കുന്നു. എന്തൊക്കെ വിവരങ്ങൾ കുറിപ്പിൽ ഉൾപ്പെടുത്താം?

- സംസ്ഥാനത്തിന്റെ പേര്
- തലസ്ഥാനം
- അയൽ രാജ്യങ്ങൾ
- അയൽ സംസ്ഥാനങ്ങൾ
- പ്രധാന നഗരങ്ങൾ
- 
- 
- 

അജി തയ്യാറാക്കിയ കുറിപ്പ് നോക്കൂ.

**ഉത്തർപ്രദേശ്**


എന്റെ സ്ഥാനം ഇന്ത്യയുടെ വടക്ക് ഭാഗത്താണ്. എന്റെ അതിർത്തിയിൽ ഒരു രാജ്യമുണ്ട്. അതാണ് നേപ്പാൾ. കൂടാതെ ഇന്ത്യയിലെ എട്ടു സംസ്ഥാനങ്ങളുടെ അതിർത്തി കൂടി ഞാൻ പങ്കിടുന്നുണ്ട്. കൂടുതൽ കരിമ്പ് ഉൽപാദിപ്പിക്കുന്നതിനാൽ 'ഇന്ത്യയുടെ പഞ്ചസാരക്കിണ്ണം' എന്ന് എന്നെ വിശേഷിപ്പിക്കാറുണ്ട്. എന്റെ നാട്ടിലെ നൃത്തകലയാണ് കഥക്. എന്റെ പ്രധാന നഗരങ്ങളുടെ പേരുകൾ നിങ്ങൾ കേട്ടുകാണും. കാൺപൂർ, ലക്നൗ, വാരണാസി, ആഗ്ര, അലഹബാദ് മുതലായവയാണവ. അശോകസ്തംഭത്തിലൂടെ ശ്രദ്ധേയമായ സാരനാഥ് എന്റെ പ്രശസ്തി ലോകമെങ്ങും പരത്തുന്നു.

പോർച്ചുഗീസ് സഞ്ചാരിയായ വാസ്കോ ഡ ഗാമ ഇന്ത്യയിലേക്ക് നടത്തിയ യാത്രയെക്കുറിച്ചുള്ള കുറിപ്പ് വായിക്കൂ.



പോർച്ചുഗലിലെ ലിസ്ബൺ തുറമുഖത്ത് നിന്ന് നാലുപായ്ക്കപ്പലുകളിലായി 170 പേരടങ്ങുന്ന നാവികസംഘത്തെ നയിച്ചുകൊണ്ട് വാസ്കോ ഡ ഗാമ ഇന്ത്യയെ തേടി യാത്രതിരിച്ചു. കാറ്റിന്റെ സഹായത്തോടെ തെക്കു-കിഴക്കോട്ട് യാത്രചെയ്ത് ആഫ്രിക്കയുടെ തെക്കേ അറ്റത്തെത്തി. തുടർന്ന് ആഫ്രിക്കയുടെ കിഴക്കേതീരം വഴി വടക്കോട്ടുസഞ്ചരിച്ച് മലിന്ദി തുറമുഖത്തെത്തി. അവിടത്തെ നാവികരുടെ നിർദേശങ്ങൾ സ്വീകരിച്ച്, മൺസൂൺ കാറ്റുകളുടെ സഹായത്തോടെ 1498 മെയ് 20 ന് ഇന്ത്യയുടെ പടിഞ്ഞാറേ തീരത്ത്, കോഴിക്കോടിനടുത്തുള്ള കാപ്പാട് തീരത്ത് എത്തിച്ചേർന്നു. യൂറോപ്പിൽ നിന്ന് ആയിരക്കണക്കിന് കിലോമീറ്റർ താണ്ടി വാസ്കോ ഡ ഗാമയും സംഘവും സാഹസികമായി നടത്തിയ ഈ യാത്ര ചരിത്രത്തിൽ ഇടം നേടി.

വാസ്കോ ഡ ഗാമയുടെ സമുദ്ര സഞ്ചാരപാത നിരീക്ഷിക്കൂ.




വാസ്കോ ഡ ഗാമ യൂറോപ്പിൽ നിന്ന് ഏതൊക്കെ സമുദ്രങ്ങളിലൂടെ സഞ്ചരിച്ചാണ് ഇന്ത്യയിലെത്തിയത്? ലോകഭൂപടം നിരീക്ഷിച്ച് ഈ സമുദ്രങ്ങൾ കണ്ടെത്തൂ.

- 
- 

മറ്റ് സമുദ്രങ്ങൾ ഏതൊക്കെയാണ്?

- 
- 
- 

ഈ സമുദ്രങ്ങളെല്ലാം പരസ്പരം ചേർന്നാണോ കിടക്കുന്നത്?
ഗ്ലോബ് നിരീക്ഷിച്ച് ഏറ്റവും വലിയ സമുദ്രമേതെന്ന് കണ്ടെത്തൂ.

നിങ്ങൾ നിരീക്ഷിച്ച ലോകഭൂപടത്തിൽ സമുദ്രങ്ങളോടൊപ്പം വിശാലമായ കരഭാഗങ്ങൾ കൂടി കാണുന്നില്ലേ? ഇത്തരത്തിലുള്ള അതിവിശാലമായ കരഭാഗങ്ങളാണ് വൻകരകൾ അഥവാ ഭൂഖണ്ഡങ്ങൾ.

ഭൂപടം, ഗ്ലോബ് എന്നിവ നിരീക്ഷിച്ച് ഭൂഖണ്ഡങ്ങൾ ഏതെല്ലാമെന്ന് കണ്ടെത്തൂ.

- നമ്മുടെ രാജ്യമായ ഇന്ത്യ ഏത് ഭൂഖണ്ഡത്തിന്റെ ഭാഗമാണ്?
- ഭൂരിഭാഗം ഭൂഖണ്ഡങ്ങളും സമുദ്രത്താൽ ചുറ്റപ്പെട്ടിരിക്കുന്നു. സമുദ്രത്താൽ ചുറ്റപ്പെട്ട ഭൂഖണ്ഡങ്ങൾ ഏതൊക്കെയാണ്?

തന്നിട്ടുള്ള ചിത്രം നിരീക്ഷിക്കൂ. നൽകിയിരിക്കുന്ന ഭൂഖണ്ഡങ്ങളുടെ നിറം ഭൂപടത്തിൽ അതത് ഭൂഖണ്ഡങ്ങൾക്ക് നൽകൂ. നിറം നൽകിയശേഷം ഭൂഖണ്ഡങ്ങളുടെ പേരുകൂടി എഴുതിച്ചേർക്കുമല്ലോ?



*Map not to scale*

ലോകഭൂപടം, അറ്റ്ലസ് എന്നിവയുടെ സഹായത്തോടെ വർക്ക്ഷീറ്റ് പൂർത്തിയാക്കുക.

| വർക്ക്ഷീറ്റ് | |
|---|---|
| സവിശേഷതകൾ | ഭൂഖണ്ഡം |
| അറ്റ്ലാന്റിക് സമുദ്രത്തിന് പടിഞ്ഞാറുഭാഗത്ത് കാണുന്ന ഭൂഖണ്ഡങ്ങൾ | ...................... , ...................... |
| ഇന്ത്യൻ സമുദ്രത്തിന് കിഴക്കുഭാഗത്ത് കാണുന്ന ഭൂഖണ്ഡം | ...................... |
| ഏറ്റവും വിസ്തൃതി കൂടിയ ഭൂഖണ്ഡം | ...................... |
| അറ്റ്ലാന്റിക് സമുദ്രത്തിനും ഇന്ത്യൻ സമുദ്രത്തിനും ഇടയിൽ കാണുന്ന ഭൂഖണ്ഡം | ...................... |

ഭൂഖണ്ഡങ്ങളെ തിരിച്ചറിഞ്ഞ് പേരുനൽകുക.









ഭൂഖണ്ഡങ്ങളെ പരിചയപ്പെട്ടല്ലോ? ഇനി നിങ്ങൾ ഏഴുഗ്രൂപ്പുകളായി തിരിയുക. ഓരോ ഗ്രൂപ്പിനും ഭൂഖണ്ഡങ്ങളുടെ പേരുകൾ നൽകുക. ഓരോ ഗ്രൂപ്പും അറ്റ്ലസ്, ഗ്ലോബ് എന്നിവ ഉപയോഗിച്ച് അതത് ഭൂഖണ്ഡങ്ങളുടെ തിരിച്ചറിയൽ കാർഡ് തയ്യാറാക്കുക.

ജനജീവിതത്തിൽ ഭൂപടങ്ങൾക്ക് വലിയ പ്രാധാന്യമാണുള്ളത്. ഭൂമിശാസ്ത്രപഠനം, പ്രതിരോധം, വിനോദസഞ്ചാരം, ഭരണനിർവഹണം, ഗതാഗതം തുടങ്ങിയ മേഖലകളിൽ വ്യത്യസ്തതരം ഭൂപടങ്ങൾ ഉപയോഗിക്കുന്നു. പ്രളയം, ഉരുൾപൊട്ടൽ തുടങ്ങിയ പ്രകൃതിദുരന്തങ്ങളും മറ്റു അപകടങ്ങളും ഉണ്ടാകുമ്പോൾ ദുരന്തമുഖത്ത് വേഗത്തിൽ എത്തിച്ചേരാനും ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ ഏർപ്പെടാനും ഭൂപടങ്ങളും റൂട്ട് മാപ്പുകളും ഉപയോഗിക്കുന്നു. നിത്യജീവിതത്തിൽ ഭൂപടവായനയിലൂടെ കടന്നുപോകേണ്ട സന്ദർഭങ്ങൾ പലപ്പോഴും ഉണ്ടാകാറുണ്ട്. ആധുനിക ലോകത്ത് ജീവിതം കെട്ടിപ്പടുക്കുന്നതിന് ഭൂപടവായന അനിവാര്യമായ ഒരു ഘടകമായി മാറിയിരിക്കുന്നു.

## തുടർപ്രവർത്തനങ്ങൾ

1. ടീച്ചറുടെ സഹായത്തോടെ നിങ്ങളുടെ സ്കൂളിന്റെ ഒരു സ്കെച്ച് തയ്യാറാക്കൂ. തയ്യാറാക്കിയ സ്കെച്ച് സ്കൂളിൽ പ്രദർശിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമല്ലോ?
2. കേരളത്തിന്റെ ഭൂപടം പരിശോധിച്ച് പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങൾ പട്ടികപ്പെടുത്തുക. ഇന്റർനെറ്റ് സാധ്യതകൾ പ്രയോജനപ്പെടുത്തി നിങ്ങൾ നിൽക്കുന്ന സ്ഥലത്ത് നിന്ന് നിങ്ങൾ പോകാനാഗ്രഹിക്കുന്ന ടൂറിസ്റ്റ് കേന്ദ്രങ്ങളിലേക്ക് വേഗത്തിലെത്താനുള്ള റൂട്ടും ദൂരവും കണ്ടെത്തൂ.
3. ഇന്ത്യയുടെ സ്കെച്ച് ചാർട്ടിൽ വരയ്ക്കുക. സംസ്ഥാനങ്ങൾ, തലസ്ഥാനങ്ങൾ, കേന്ദ്രഭരണ പ്രദേശങ്ങൾ എന്നിവ രേഖപ്പെടുത്തുക. സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണപ്രദേശങ്ങൾക്കും വ്യത്യസ്ത നിറം നൽകുക. തയ്യാറാക്കിയ ചാർട്ടുകൾ ക്ലാസിൽ പ്രദർശിപ്പിക്കുക.
4. നവംബർ 1 കേരളപ്പിറവി ദിനാചരണത്തിന്റെ ഭാഗമായി ഡിജിറ്റൽ സാങ്കേതികവിദ്യയുടെ സഹായത്തോടെ 'കേരളം - ഭൂപടവായന പ്രശ്നോത്തരി മത്സരം' സംഘടിപ്പിക്കൂ. പ്രശ്നോത്തരിയിൽ എന്തൊക്കെ വിഷയങ്ങൾ ഉൾപ്പെടുത്താം?

**കേരളം – ഭൂപടവായന പ്രശ്നോത്തരി - വിഷയങ്ങൾ**

- വിനോദസഞ്ചാരകേന്ദ്രങ്ങൾ
- നദികൾ
- തുറമുഖങ്ങൾ
- തടാകങ്ങൾ
- വിമാനത്താവളങ്ങൾ
- ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങൾ
- ആഘോഷങ്ങൾ
- ..............................................